**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2220** **03-03-2025 - ൽ മറുപടിയ്ക്ക്**

**റേഷൻ സാധനങ്ങളുടെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാത്ത് റേഷൻകടകൾ വഴി ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വിതരണം ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി, റേഷൻ വിതരണത്തിന് ആവശ്യമുള്ള റേഷൻ സാധനങ്ങൾ FCI യിൽ നിന്നും വിട്ടെടുക്കുന്നതിന് മുന്നോടിയായി FCI അധികൃതരും താലൂക്ക് സപ്ലൈ ഓഫീസർമാർ, റേഷനിങ് ഇൻസ്പെക്ടർമാർ, സപ്ലൈകോ അസിസ്റ്റൻറ് മാനേജർമാർ, ക്വാളിറ്റി അഷ്വറൻസ് വിഭാഗം മാനേജർ (QA) എന്നിവരുടെ സംയുക്ത ടീം റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തിയാണ് റേഷൻ വിതരണം നടത്തുന്നത്.<br><br>FCI യിലും NFSA ഗോഡൗണുകളിലും കീടനിയന്ത്രണത്തിനുള്ള Fumigation process നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തിയാണ് റേഷൻ കടകളിൽ വിതരണത്തിന് സ്റ്റോക്ക് എത്തിക്കുന്നത്.<br><br>FCI യിൽ നിന്നും NFSA ഗോഡൗണിൽ എത്തുന്ന സ്റ്റോക്ക്, സപ്ലൈകോ ക്വാളിറ്റി അഷ്വുറൻസ് വിഭാഗം പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തുകയും ആദ്യം വരുന്ന സ്റ്റോക്ക് ആദ്യം തന്നെ വിതരണം (FIFO) നടത്തുകയും ചെയ്യുന്നു. റേഷൻ കടകളിലും FIFO പാലിക്കുന്നതിന് കർശന നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ